# ഭരണഭാഷ - മാതൃഭാഷ

സി3/3939/20/ജി.ഇ.സി.എസ്.കെ.പി

പ്രിൻസിപ്പാളുടെ കാര്യാലയം,
സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,
ശ്രീകൃഷ്ണപുരം,
തീയതി: 25/11/2021

**പുനർ ലേല പരസ്യം**

വിഷയം:- വിദ്യാഭ്യാസം- സാങ്കേതികം- സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം- ഈ സ്ഥാപനത്തിൽ കടപുഴകി വീണ മരങ്ങൾ പരസ്യമായി പുനർ ലേലം ചെയ്യുന്നത്- സംബന്ധിച്ച്.

ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ കടപുഴകി വീണ തേക്ക് മരങ്ങൾ കോളേജ് കാമ്പസിൽ വെച്ച് പരസ്യമായി പുനർ ലേലം ചെയ്യുന്നു. താത്പര്യമുള്ളവർക്ക് **₹ 4,865/- (നാലായിരത്തി എണ്ണൂറ്റി അറുപത്തി അഞ്ചു രൂപ മാത്രം)** യുടെ നിരതദ്രവ്യം ലേലം ഓഫീസർ പക്കൽ ഒടുക്കി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേല നിബന്ധനകൾ താഴെ കൊടുത്തിരിക്കുന്നു.

1. വ്യക്തമായ മേൽവിലാസം, തിരിച്ചറിയൽ രേഖകളുടെ പകർപ്പ് എന്നിവ ലേലം ഓഫീസറുടെ പക്കൽ നൽകി ആർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലം 2021 ഡിസംബർ 20-ന് കാലത്ത് 11 മണിക്ക് ലേലം ഓഫീസറുടെ നേതൃത്വത്തിൽ നടത്തുന്നതായിരിക്കും.
2. ലേല സമയത്തിന് 30 മിനിറ്റ് മുൻപ് നിരതദ്രവ്യമായ₹ 4,865/- (നാലായിരത്തി എണ്ണൂറ്റി അറുപത്തി അഞ്ചു രൂപ മാത്രം) കെട്ടി വയ്ക്കുന്ന വ്യക്തികൾക്ക് മാത്രം ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.
3. ലേലം ചെയ്തു വിൽക്കുന്ന മരങ്ങൾ പ്രത്യേകം രേഖപ്പെടുത്തിയിട്ടുള്ളതും ഓഫീസ് പ്രവൃത്തി സമയത്ത് (9.30AM-4.30PM) ഈ സ്ഥാപനത്തിലെ സർജന്റ് മുഖാന്തിരം കാണാവുന്നതുമാണ്.
4. ലേലം ഉറപ്പിക്കുന്ന സംഖ്യക്കു പുറമെ 18% ജി.എസ്.ടി-യും ടിമ്പർ ആയതുകൊണ്ട് (ലേലത്തുക+18% ജി.എസ്.ടി ) യുടെ 5% എഫ്.ഡി.ടി-യും ലേലദിവസം തന്നെയോ പ്രിൻസിപ്പൾ നിശ്ചയിക്കുന്ന പ്രകാരമോ ഓഫീസിൽ ഒടുക്കേണ്ടതാണ്.
5. ലേലം ഉറപ്പിച്ചു കിട്ടുന്ന വ്യക്തിയുടെയും രണ്ടാമത് കൂടുതൽ ലേലതുക രേഖപ്പെടുത്തിയ ലേല കാരൻറെയും ഒഴികെയുള്ളവരുടെ നിരതദ്രവ്യം ലേലനടപടികൾ അവസാനിച്ചാലുടനെ തിരികെ നൽകുന്നതാണ്. ലേലം ഉറപ്പിച്ചതിന് ശേഷം ലേലത്തിൽ നിന്ന് പിൻമാറിയാൽ നിരത ദ്രവ്യം സർക്കാരിലേക്ക് കണ്ട് കെട്ടുന്നതും ഇത് സം◌ംബന്ധിച്ച സർക്കാർ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതുമാണ്.
6. ലേലം ഉറപ്പിച്ച് 10 ദിവസത്തിനകം മരങ്ങൾ സ്വന്തം ചെലവിൽ വേരടക്കം മുറിച്ചുമാറ്റി നീക്കം ചെയ്യേണ്ടതാണ്. കൂടാതെ പ്രസ്തുത മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ ഈ സ്ഥാപനത്തിലെ കെട്ടിടങ്ങൾക്കൊ മറ്റു സ്ഥാവരജംഗമവസ്തുക്കൾക്കൊ യാതൊരു കേടുപാടും സംഭവിക്കുവാൻ ഇടയാകരുത്. ഏതെങ്കിലും സാഹചര്യത്തിൽ എന്തെങ്കിലും സംഭവിച്ചാൽ ലേലക്കാരൻറെ പൂർണ്ണ ഉത്തരവാദിത്വത്തിലും ചിലവിലും നഷ്ടം പരിഹരിക്കേണ്ടതാണ്.
7. ലേലത്തിൽ ഉൾപ്പെടാത്ത മരങ്ങൾ യാതൊരു കാരണവശാലും നീക്കം ചെയ്യുവാനോ മുറിച്ച് മാറ്റുവാനോ പാടുള്ളതല്ല. ഈ കാര്യത്തിൽ എന്തെങ്കിലും പിഴവു സം◌ംഭവിച്ചാൽ അതിക്രമമായി കണക്കാക്കി ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.
8. ലേലം സംബന്ധിച്ച നിയമപരമായ തീരുമാനങ്ങളെടുക്കുന്നതിനും മാറ്റിവെക്കുന്നതിനും റദ്ദാക്കുന്നതിനും പൂർണ്ണ അധികാരം ലേലം ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.
9. മൂന്ന് ആളുകളെങ്കിലും ലേലത്തിൽ പങ്കെടുക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവരായി ഉണ്ടെങ്കിൽ മാത്രമേ ലേലം ആരംഭിക്കുകയുള്ളൂ.

ഈ സ്ഥാപനത്തിലെ ജീവനക്കാർ ആരും തന്നെ ലേലത്തിൽ പങ്കെടുക്കുവാൻ അർഹരായിരിക്കുന്നതല്ല.

പ്രിൻസിപ്പാൾ

Draft #13 of File C3/3939/20/GECSKP Approved by Principal on 26-Nov-2021 02:55 PM - Page 1

പകർപ്പ്:-

1. വെബ് അഡ്മിൻ
2. നോട്ടീസ് ബോർഡ്
3. മണ്ണമ്പറ്റ ജംഗ്ഷൻ
4. ചന്തപ്പുര, ശ്രീകൃഷ്ണപുരം
5. പോസ്റ്റ് ഓഫീസ്, മണ്ണമ്പറ്റ
6. സബ് ട്രഷറി, ശ്രീകൃഷ്ണപുരം
7. ഗ്രാമ പഞ്ചായത്ത് ഓഫീസ്, ശ്രീകൃഷ്ണപുരം
8. വില്ലേജ് ഓഫീസ്, ശ്രീകൃഷ്ണപുരം
9. ഐ&പി.ആർ.ഡി, പാലക്കാട്
10. സർജന്റ് (ലേല നടത്തിപ്പിനുള്ള സൌകര്യങ്ങൾ ഒരുക്കിക്കൊടുക്കണമെന്ന നിർദേശത്തോടെ)
11. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

Draft #13 of File C3/3939/20/GECSKP Approved by Principal on 26-Nov-2021 02:55 PM - Page 2

# List of Trees

| Serial No. | Species | GBH (in cm) | Timber (Volume in Cu.M) | Firewood (Volume in MT) |
|---|---|---|---|---|
| 1 | Teak | 63x660 | Timber | |
| 2 | Teak | 40x610 | Timber | |
| 3 | Teak | 70x800 | Timber | 0.245 |
| 4 | Teak | 76x1000 | Timber | 0.361 |
| 5 | Teak | 115x1060 | Timber | 0.876 |
| 6 | Teak | 58x245 | Timber | 0.052 |
| 7 | Teak | 40x205 | Timber | 0.021 |
| 8 | Teak | 70x1000 | Timber | 0.361 |

Draft #13 of File C3/3939/20/GECSKP Approved by Principal on 26-Nov-2021 02:55 PM - Page 3